**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 5339** **02.07.2013-ൽ മറുപടിക്ക്.**

## ഹജ്ജ് വാളണ്ടിയറായവരുടെ വിശദവിവരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) 2006 മുതൽ 2013 വരെ സംസ്ഥാന സർക്കാരിന്റെ ഹജ്ജ് വാളണ്ടിയറായവരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ ; | : (എ) 2006 മുതൽ 2013 വരെ സംസ്ഥാന സർക്കാരിന്റെ ഹജ്ജ് വാളണ്ടിയറായി തെരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (ബി) സർക്കാർ ജീവനക്കാരല്ലാത്ത എത്രപേർ 2006 മുതൽ ഇതുവരെ ഹജ്ജ് വാളണ്ടിയറായിട്ടുണ്ടെന്നും അവരാരെല്ലാമാണെന്നും മേൽവിലാസ സഹിതം വ്യക്തമാക്കാമോ ; | : (ബി) 24 പേർ ; അവരുടെ പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) ഈ വർഷം എത്ര പേരുടെ ഹജ്ജ് വാളണ്ടിയർ അപേക്ഷ പരിഗണിക്കാതിരുന്നിട്ടുണ്ടെന്നും അവരാരെല്ലാമാണെന്നും പരിഗണിക്കാത്തതിന്റെ കാരണസഹിതം വ്യക്തമാക്കാമോ ; | : (സി) 90 പേർ ; അവരുടെ പട്ടികയും പരിഗണിക്കാത്തതിന്റെ കാരണവും അനുബന്ധം III ആയി ചേർത്തിരിക്കുന്നു |
| (ഡി) സർക്കാർ ഡിപ്പാർട്ട്മെന്റ് ജീവനക്കാരല്ലാത്തവരെ മുൻ വർഷങ്ങളിൽ പരിഗണിക്കുകയും ഈ വർഷം പരിഗണിക്കാതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ ; ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളോ മറ്റോ ഇറക്കിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ; | : (ഡി) കേന്ദ്ര വിദേശകാര്യ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശം 2(സി) പ്രകാരമാണ് സർക്കാർ ഡിപ്പാർട്ട്മെന്റ് ജീവനക്കാരല്ലാത്തവരെ ഈ വർഷം പരിഗണിക്കാതിരുന്നത്. ഓഫീസ് മെമ്മോറാണ്ടം നമ്പർ:M(haj)/1183/KUH 1(main)/2013 തീയതി 15.01.2013-ന്റെ പകർപ്പ് ഉൾക്കൊളളിച്ചിരിക്കുന്നു. |

(മറുപുറം)

| | |
|---|---|
| (ഇ) പി.എസ്.സി.വഴി സർക്കാർ കമ്പനി/കോർപ്പറേഷൻ/ ബോർഡുകളിൽ നിയമനം ലഭിച്ചവരെ ഹജ്ജ് വാളണ്ടിയർ തസ്തികയിലേക്ക് പരിഗണിക്കുന്നതിൽ നിയമതടസ്സമുണ്ടോ ? | : (ഇ) കേന്ദ്ര വിദേശകാര്യ വകുപ്പാണ് ഓരോ വർഷവും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതും സംസ്ഥാന ഹജ്ജ് കമ്മിറ്റികൾ നൽകുന്ന പാനലിൽ നിന്ന് തെരെഞ്ഞെടുക്കുന്നതും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**